**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **10-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേക്കും മലയോര ഹൈവേക്കും ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ ഹൈവേക്കും മലയോര ഹൈവേക്കും ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | **കെ.ആർ.എഫ്.ബി.- പി.എം.യു**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലയോര ഹൈവേയ്ക്കായി 1024.09 കോടി രൂപയും തീരദേശ ഹൈവെയ്ക്കായി 56.49 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>**ആർ.ബി.ഡി.സി.കെ.**<br><br>തീരദേശ ഹൈവേയുടെ ഭാഗമായുള്ള മലപ്പുറം ഭൂമിയിലെ ch 0+000 മുതൽ ch 4+800 വരെയുള്ള 4.8 കി.മി. നിർമ്മാണമാണ് ആർ.ബി.ഡി.സി.കെ. മുഖേന നടത്തുന്നത്. നാളിതുവരെ ഈ പ്രവൃത്തിക്കായി 2.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | സെൻട്രൽ റോഡ് ഫണ്ട് ഇനത്തിൽ ലഭിച്ച തുക ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചിലവഴിച്ചത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയ പാതക്ക് കീഴിൽ സെൻട്രൽ റോഡ് ഫണ്ട് ഇനത്തിൽ ലഭിച്ച തുക 446.55 കോടി രൂപ, ചെലവഴിച്ച തുക 595.88 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ